പതിമൂന്നാം കേരള നിയമസഭ

# പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ സമിതി
# (2014-2016)

148

## പതിനാലാമത് റിപ്പോർട്ട്

(2014 ഡിസംബർ മാസം 15-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമസമിതി (1996-98), അട്ടപ്പാടി ആദിവാസികൾക്കിടയിൽ പടർന്നുപിടിച്ചിട്ടുള്ള കോളറബാധ സംബന്ധിച്ച് തയ്യാറാക്കിയ ഒന്നാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്]**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2014

പതിമൂന്നാം കേരള നിയമസഭ

# പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ സമിതി
# (2014-2016)

**പതിനാലാമത് റിപ്പോർട്ട്**

(2014 ഡിസംബർ മാസം 15-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമസമിതി (1996-98), അട്ടപ്പാടി ആദിവാസികൾക്കിടയിൽ പടർന്നുപിടിച്ചിട്ടുള്ള കോളറബാധ സംബന്ധിച്ച് തയ്യാറാക്കിയ ഒന്നാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്]**

148/2015.

# ഉള്ളടക്കം

| | | | |
|---|---|---|---|
| | | | പേജ് |
| സമിതിയുടെ ഘടന | | .. | v |
| മുഖവുര | | .. | vii |
| അദ്ധ്യായം I | : റിപ്പോർട്ട് | .. | 1 |
| അദ്ധ്യായം II | : ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളിൽ സമിതി അംഗീകരിച്ചവ | .. | 2 |

# പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ സമിതി (2014-16)

## ഘടന

<u>ചെയർമാൻ</u> :

ശ്രീ. വി. പി. സജീന്ദ്രൻ

<u>അംഗങ്ങൾ</u> :

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി

ശ്രീ. കെ. അജിത്

ശ്രീ. ഐ. സി. ബാലകൃഷ്ണൻ

ശ്രീ. കോവൂർ കുഞ്ഞുമോൻ

ശ്രീ. പുരുഷൻ കടലുണ്ടി

ശ്രീ. സി. കെ. സദാശിവൻ

ശ്രീ. എൻ. ഷംസുദ്ദീൻ

ശ്രീ. വി. ശശി

ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ

ശ്രീ. കെ. വി. വിജയദാസ്

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

ശ്രീ. റ്റി. മനോഹരൻ നായർ, ജോയിന്റ് സെക്രട്ടറി

ശ്രീ. ആർ. സജീവൻ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. സി. അജിത്, അണ്ടർ സെക്രട്ടറി.

# മുഖവുര

പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതി അധികാരപ്പെടുത്തിയതനുസരിച്ച് സമിതിയുടെ പതിനാറാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

2014 ഡിസംബർ 11-ാം തീയതി ചേർന്ന സമിതിയോഗം ഈ റിപ്പോർട്ട് അംഗീകരിച്ചു.

റി. പി. സജീന്ദ്രൻ,
*അദ്ധ്യക്ഷൻ,*
*പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ സമിതി.*

തിരുവനന്തപുരം,
2014 ഡിസംബർ 15.

# റിപ്പോർട്ട്

## അദ്ധ്യായം I

പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ സമിതി (1996-98)-യുടെ ഒന്നാമത് റിപ്പോർട്ട്, (അട്ടപ്പാടി ആദിവാസികൾക്കിടയിൽ പടർന്നുപിടിച്ചിട്ടുള്ള കോളറബാധ സംബന്ധിച്ച് സമിതി നടത്തിയ സന്ദർശനത്തിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയത്) 1996 സെപ്റ്റംബർ 17-ാം തീയതി നിയമസഭയിൽ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടിൽ, അട്ടപ്പാടിയിലെ ആദിവാസികളുടെ ജീവിതനിലവാരം ഉയർത്തുന്നതിനും അവരുടെ ആരോഗ്യ പരിപാലന സംവിധാനങ്ങൾ മെച്ചപ്പെടുത്തുന്നതിനുമായി 10 ശിപാർശകൾ ഉൾക്കൊള്ളിച്ചിരുന്നു.

പ്രസ്തുത ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച സ്റ്റേറ്റ്മെന്റ് ആവശ്യപ്പെട്ടുകൊണ്ട് റിപ്പോർട്ടിന്റെ പകർപ്പുകൾ 7-10-1996-ലെ 12445/ഡബ്ല്യു.സി.ബി2/96/ലെജി. നമ്പർ കത്ത് മുഖേന സർക്കാരിലേക്ക് അയയ്ക്കുകയും ആയതിൻപ്രകാരം ഖണ്ഡിക 4, 8, 9, 10, 11, 12 എന്നിവയിലെ ശിപാർശകളിന്മേൽ പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് ലഭ്യമാക്കിയ മറുപടിയും ഖണ്ഡിക 3, 6, 7, 13 എന്നിവയിലെ ശിപാർശകളിന്മേൽ പട്ടികജാതി പട്ടികവർഗ്ഗ വികസനം, ആരോഗ്യകുടുംബക്ഷേമം, ജലവിഭവം എന്നീ വകുപ്പുകൾ ലഭ്യമാക്കിയ മറുപടിയും 6-8-2008-ലെ സമിതി യോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു. തുടർന്ന് ഖണ്ഡിക 4, 7, 9, 10, 11, 12 എന്നീ ശിപാർശകളിന്മേൽ സമിതി ആരാഞ്ഞ അധികവിവരങ്ങളിന്മേൽ മറുപടി ലഭ്യമാക്കുന്നതിനായി പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സെക്രട്ടറിയിൽനിന്നും 2-2-2012-ന് തെളിവെടുപ്പ് നടത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത വകുപ്പ് ലഭ്യമാക്കിയ മറുപടി 14-8-2013, 30-7-2014 എന്നീ തീയതികളിലെ സമിതിയോഗം അംഗീകരിക്കുകയും ചെയ്തു.

സമിതി (1996-98)-യുടെ ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളും അവയിന്മേൽ സമിതി ആരാഞ്ഞ അധികവിവരങ്ങളും ആയതിന് ബന്ധപ്പെട്ട സർക്കാർ വകുപ്പുകളിൽ നിന്നും ലഭിച്ചതും സമിതി അംഗീകരിച്ചതുമായ മറുപടികളും ഈ റിപ്പോർട്ടിന്റെ അദ്ധ്യായം II-ൽ ചേർത്തിരിക്കുന്നു.

<u>അദ്ധ്യായം II</u>

## ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളിൽ സമിതി അംഗീകരിച്ചവ

**(ബ്രാക്കറ്റിൽ പരാമർശിച്ചിരിക്കുന്ന ഖണ്ഡികകൾ മൂലറിപ്പോർട്ടിലെ ഖണ്ഡികകളാണ്.)**

<u>ശിപാർശ നമ്പർ 1</u>

<u>(ഖണ്ഡിക 3)</u>

ശുദ്ധജലവിതരണം ഏർപ്പെടുത്തിയിട്ടില്ലാത്ത പ്രദേശങ്ങളിലാണ് രോഗബാധയുണ്ടായതെന്ന് ഉദ്യോഗസ്ഥന്മാരുടെ വിശദീകരണത്തിൽനിന്നും സമിതിക്ക് അറിയാൻ കഴിഞ്ഞു. 34 പേരാണ് കോളറമൂലം മരിച്ചതെന്ന് ജില്ലാ മെഡിക്കൽ ഓഫീസർ സമിതിയെ അറിയിച്ചു. പ്രധാനമായും കുടിവെള്ളത്തിൽ കൂടിയാണ് കോളറബാധയുണ്ടാകുന്നത്. പല ആദിവാസി ഊരുകളിലും കിണറുകൾ ഉണ്ടെങ്കിൽപോലും അവിടെ അധിവസിക്കുന്ന ജനങ്ങളുടെ അജ്ഞതമൂലം പുഴയിലെ വെള്ളമാണ് കുടിവെള്ളമായി ഉപയോഗിക്കുന്നത്. ആകെയുള്ള 140-ൽ ഏറെ ഊരുകളിൽ 21 ഊരുകളിൽ ശുദ്ധജലവിതരണ സംവിധാനവും 40 ഊരുകളിൽ കിണറുകളും ഉണ്ട്. ബാക്കി ഊരുകളിൽ കുടിവെള്ളം എത്തിക്കാൻ യാതൊരു സംവിധാനവും ഏർപ്പെടുത്തിയിട്ടില്ല എന്ന് മേൽപ്പറഞ്ഞ കണക്കുകളിൽ നിന്ന് വ്യക്തമാകും. പുഴവെള്ളത്തെ ഏറ്റവും രുചിയുള്ള വെള്ളം എന്നാണ് ആദിവാസികൾ വിശേഷിപ്പിക്കുന്നത്. ആയതിനാൽ, ഈ മേഖലയിലെ എല്ലാ ഊരുകളിലും ശുദ്ധജല വിതരണ സംവിധാനം ഏർപ്പെടുത്താനുള്ള അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ മറുപടി</u>

(5-7-1999-ലെ 13106/ഡി1/99/പജപവവിവ. നമ്പർ കത്തു മുഖേന)

അട്ടപ്പാടിയിലെ പ്രത്യേക ഭൂപ്രകൃതിയും ഊരുകളുടെ പ്രത്യേകതകളും കണക്കിലെടുത്ത്. ഊരുകളിൽ കുടിവെള്ളം ലഭ്യമാക്കുന്നതിന് കിണറുകൾ കുഴിച്ചു നൽകുന്നതാണ് കൂടുതൽ ഫലപ്രദം. ഗ്രാമവികസനം, വനം, പഞ്ചായത്ത് എന്നീ വകുപ്പുകൾ മുഖേന ശുദ്ധജലം ലഭ്യമല്ലാത്ത പട്ടികവർഗ്ഗ ഊരുകളിൽ സമയബന്ധിതമായി കിണറുകൾ നിർമ്മിച്ച് ശുദ്ധജലം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് പ്രസ്തുത വകുപ്പുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ, പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേനയും പരമാവധി കിണറുകൾ കുഴിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ, കിണർ ഉള്ള ഊരുകളിൽ കിണറിലെ വെള്ളം തന്നെ ഉപയോഗിക്കുന്നതിനും പരിസര ശുചീകരണം നടത്തുന്നതിനും ശുചിത്വം പാലിക്കുന്നതിനും പട്ടികവർഗ്ഗക്കാരെ ബോധവാന്മാരാക്കുന്നതിനും മറ്റുമായി ട്രൈബൽ വോളന്റിയർമാർ ശരിയായ ബോധവൽക്കരണം ഊരുകളിൽ നടത്തിവരുന്നുണ്ട്. കൂടാതെ, അട്ടപ്പാടിയിലെ ഊരുകളിൽനിന്നും തെരഞ്ഞെടുത്ത പട്ടികവർഗ്ഗ യുവതീയുവാക്കൾക്കും ഹെൽത്ത് ഗൈഡായി പ്രവർത്തിക്കുന്നതിന് കിർത്താഡ്സ് മുഖേന ആവശ്യമായ പരിശീലനം നൽകിയിട്ടുണ്ട്.

ജലവിഭവ വകുപ്പിന്റെ മറുപടി

(31-3-2001-ലെ 27584/സി1/96/വ.സ.വ. നമ്പർ കത്തു മുഖേന)

അഗളി, പുത്തൂർ, ഷോളയാർ എന്നീ 3 പഞ്ചായത്തുകൾ ഉൾപ്പെടെ അട്ടപ്പാടി മേഖലയിൽ ശുദ്ധജലവിതരണം നടത്തുന്നതിന് താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**അഗളി സംരക്ഷിത ശുദ്ധജലവിതരണ പദ്ധതി**

1988-ൽ കേന്ദ്ര സർക്കാർ സഹായത്തോടെ പൂർത്തീകരിച്ച ഈ പദ്ധതിയുടെ സ്രോതസ്സ് ഭവാനിപ്പുഴയാണ്. പട്ടിമാളം എന്ന സ്ഥലത്തുനിന്നും ഇൻഫിൽട്രേഷൻ ഗാലറിയുടെ ശുദ്ധീകരിച്ച ജലം പമ്പുചെയ്ത് ഉറഞ്ചാമരമേട് എന്ന സ്ഥലത്ത് നിർമ്മിച്ചിരിക്കുന്ന 75000 ലിറ്റർ ശേഷിയുള്ള ഭൂതലസംഭരണിയിൽ ശേഖരിച്ച് അവിടെ നിന്നും കോട്ടത്തറ വരെയുള്ള ഭാഗത്ത് വിതരണം ചെയ്യുന്നു. മറ്റൊരുഭാഗം മേൽ സംഭരണിയിൽനിന്ന് ഷോളയാർ ആദിവാസി ഊരിൽ സ്ഥാപിച്ചിട്ടുള്ള 5000 ലിറ്റർ ശേഷിയുള്ള ആദിവാസി ഊരിലും പരിസരപ്രദേശങ്ങളിലും വിതരണം ചെയ്യുന്നു. ഏകദേശം 15 കി.മീ. ദൈർഘ്യമുള്ള ഇതിന്റെ വിതരണ ശൃംഖലയിൽ 29 പൊതുടാപ്പുകളിലൂടെ ശുദ്ധജലവിതരണം നടത്തുന്നുണ്ട്. ഈ പദ്ധതികൊണ്ട് ഏകദേശം 2000 പേർക്ക് ഗുണം ലഭിക്കുന്നുണ്ട്.

മേൽ പദ്ധതിയുടെ മെച്ചപ്പെടുത്തൽ പ്രവർത്തനങ്ങളുടെ ഭാഗമായി 1997-98 വർഷം പുതിയ പമ്പുസെറ്റുകൾ സ്ഥാപിക്കുക, വോൾട്ടേജ് ബൂസ്റ്റർ സ്ഥാപിക്കുക, ഇൻഫിൽട്രേഷൻ ഗാലറിയുടെ പുനർനിർമ്മാണം നടത്തുക എന്നീ പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുണ്ട്.

കോളയൂർ പഞ്ചായത്ത്

**ആനക്കട്ടി-കൊളത്തറ-മടത്തുകാട് സമഗ്ര ശുദ്ധജലവിതരണ പദ്ധതി**

1988-ൽ പ്രവർത്തനം ആരംഭിച്ച ഈ പദ്ധതിക്ക് രണ്ടു സ്രോതസ്സുകൾ നിലവിലുണ്ട്. ഒന്ന് കോട്ടത്തറയിലും മറ്റൊന്ന് ആനക്കട്ടിയിലും സ്ഥിതി ചെയ്യുന്നു.

ഏകദേശം 29 കിലോമീറ്ററോളം വരുന്ന ഈ പദ്ധതിയിലെ പമ്പിംഗ്/വിതരണ ശൃംഖലയിലൂടെ ഇപ്പോൾ ഏകദേശം7000-ത്തോളം ജനങ്ങൾക്ക് കുടിവെള്ളമെത്തിക്കുന്നുണ്ട്. 67-ഓളം പൊതുടാപ്പുകളും 180 ഹൗസ് കണക്ഷനുകളും ഈ പദ്ധതിയുടെ ഭാഗമായുണ്ട്.

1997-98-ലെ എം.ആർ.ഡബ്ല്യു.എസ്.പി. പദ്ധതികളിൽ ഉൾപ്പെടുത്തി പദ്ധതി പ്രദേശത്ത് സ്ഥിതിചെയ്യുന്ന കല്ലൂക്കർ, വണ്ണാന്തറ, വട്ട്ലക്കി, മടത്തുക്കാട് കള്ളക്കര, കാരയൂർ, ചൊറിയന്നൂർ, തെക്കമുക്കിയൂർ, ദാസന്നൂർ തുടങ്ങിയ പട്ടികവർഗ്ഗ പട്ടികജാതി സങ്കേതങ്ങളിൽ കുടിവെള്ളലഭ്യത ഉറപ്പുവരുത്തുന്നതിലേക്കായി ചെറിയ ജലസംഭരണികൾ സ്ഥാപിച്ച് ടാപ്പുകൾ ഘടിപ്പിക്കുന്ന പ്രവൃത്തി നടപ്പിലാക്കിവരുന്നുണ്ട്. കൂടാതെ, രൂക്ഷമായ വോൾട്ടേജ് കുറവ് പരിഹരിക്കുന്നതിനാവശ്യമായ വോൾട്ടേജ് ബൂസ്റ്ററുകൾ പമ്പുഹൗസുകളിൽ സ്ഥാപിച്ചിട്ടുണ്ട്. ഇതുമൂലം 70000-ത്തോളം ജനങ്ങൾക്ക് പ്രയോജനം ലഭിക്കുന്നുണ്ട്.

**കോളയൂർ ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതി**

കോളയൂരിലെ വരട്ടിമലയിലുള്ള പ്രകൃതിദത്ത നീരുറവ സ്രോതസ്സായി ഈ പദ്ധതി 1978-ൽ പ്രവർത്തനമാരംഭിച്ചു. നീരുറവയിൽ നിന്നുള്ള ജലം അരിച്ചെടുത്തു രണ്ട് ജലസംഭരണികളിൽ ശേഖരിച്ച് അവിടെനിന്നും വിതരണം ചെയ്യുന്നു.

ഇപ്പോൾ, ഈ പദ്ധതിയിൽ നിലവിലുള്ള 19 കിലോമീറ്ററോളം വരുന്ന വിതരണ ശൃംഖലയിൽ സ്ഥാപിച്ചിട്ടുള്ള ടാപ്പുകൾ വഴി ഏതാണ്ട് 120000 ലിറ്ററോളം ജലം വിതരണം ചെയ്യുന്നു. ഏതാണ്ട് 3800-ഓളം ജനങ്ങൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കുന്നു. ഈ പദ്ധതിയിൽനിന്നും 18 ഹൗസ് കണക്ഷനുകൾ നൽകിയിട്ടുണ്ട്. ഈ പദ്ധതിയിൽനിന്നും 1997-98-ൽ എ.ആർ.ഡബ്ല്യു.എസ്.പി. പരിപാടിയിൽ ഉൾപ്പെടുത്തി ചാവടിയൂർ, ഊത്തുക്കുഴി വരകംപാട് നല്ലസിംഗ കോളയൂർ എന്നീ പട്ടികജാതി പട്ടികവർഗ്ഗ കോളനികളിൽ ജലലഭ്യത ഉറപ്പുവരുത്തുന്നതിനുവേണ്ടി ചെറിയ പി.വി.സി. ടാപ്പുകളും സ്ഥാപിക്കുന്ന പ്രവൃത്തി നടപ്പിലാക്കി.

പുതൂർ ഗ്രാമപഞ്ചായത്ത്

**പുതൂർ ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി**

ഈ പഞ്ചായത്തിലെ ഏക ശുദ്ധജല വിതരണ പദ്ധതിയാണിത്. ഈ പദ്ധതി 1978-ൽ സ്ഥാപിച്ചു. ഈ പദ്ധതിവഴി ഭവാനിപ്പുഴയിലെ ജലം രംഗനാഥപുരത്ത് സ്ഥാപിച്ചിട്ടുള്ള ഇൻഫിൽട്രേഷൻ ഗാലറിയിലൂടെ ശുദ്ധീകരിച്ച് അവിടെ നിന്നും പമ്പ് ചെയ്ത് ഏകദേശം 500 മീറ്റർ അകലെ കുന്നിൻമുകളിലായി സ്ഥാപിച്ചിട്ടുള്ള 40000 ലിറ്റർ ശേഷിയുള്ള ഭൂതല സംഭരണിയിൽ ശേഖരിച്ച് ഏകദേശം 5 കിലോമീറ്ററോളം വിതരണ ശൃംഖലയിൽ സ്ഥാപിച്ചിട്ടുള്ള 25-ഓളം ടാപ്പുകളിലൂടെ വിതരണം നടത്തുന്നു. പ്രതിദിനം ഏതാണ്ട് 1.5 ലക്ഷം ലിറ്റർ ജലം വിതരണം ചെയ്യുന്ന ഈ പദ്ധതി 8000-ഓളം ജനങ്ങൾക്ക് പ്രയോജനപ്പെടുത്തുന്നു.

1997-98 വർഷത്തെ ജനകീയാസൂത്രണ പദ്ധതി പ്രകാരം പുതൂർ പഞ്ചായത്തിലെ മേഖല ചാവടിയൂർ പട്ടികവർഗ്ഗ കോളനിക്ക് ശുദ്ധജല വിതരണം ഏർപ്പെടുത്തുന്നതിനുള്ള പ്രവൃത്തി ഏറ്റെടുത്തു നടപ്പിലാക്കി. കൂടാതെ, വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്ന തിനാവശ്യമായ വോൾട്ടേജ് സ്റ്റെബിലൈസർ സ്ഥാപിക്കുന്ന പ്രവൃത്തിയും മേൽ പദ്ധതി യിലുൾപ്പെടുത്തി പൂർത്തീകരിച്ചു.

ഏതാണ്ട് 59 കുഴൽക്കിണർ കുഴിച്ചു 'ഹാൻഡ് പമ്പ് ' ഘടിപ്പിച്ചു പഞ്ചായത്തുകൾക്ക് കൈമാറിയിട്ടുണ്ട്. ഈ പദ്ധതികൾക്ക് മൊത്തമായി വാട്ടർ അതോറിറ്റി 129.1 ലക്ഷം രൂപ ചെലവഴിച്ചു. ഇതിന്റെ പ്രയോജനം മൊത്തം 11750 ആദിവാസികൾക്ക് ലഭിക്കുന്നുണ്ട്.

ശിപാർശ നമ്പർ 2

(ഖണ്ഡിക 4)

വെള്ളത്തിലെ മാലിന്യം പോലെതന്നെ പരിസര മലിനീകരണവും ഈ സാംക്രമിക രോഗം പടർന്ന് പിടിക്കുന്നതിന് മറ്റൊരു കാരണമാണ്. പരിസര ശുചീകരണ കാര്യത്തിൽ ആദിവാസികൾ പൊതുവെ വളരെ പിന്നോക്കമാണ്. ആദിവാസികൾക്ക് ജീവിതമാർഗ്ഗത്തിനായി സർക്കാരിൽനിന്നും നൽകുന്ന കന്നുകാലികളേയും മറ്റ് വളർത്തുമൃഗങ്ങളേയും പ്രത്യേകം പാർപ്പിക്കാൻ സൗകര്യമില്ലാത്തതുകാരണം തങ്ങൾ താമസിക്കുന്ന കുരയ്ക്കു കീഴിൽത്തന്നെയാണ് വളർത്തുന്നതെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ വിശദീകരിച്ചു. ഈ ദുഃസ്ഥിതി അവസാനിപ്പി ക്കുന്നതിനായി കന്നുകാലികളേയും മറ്റും സർക്കാർചെലവിൽ ആദിവാസികൾക്കു നൽകുന്ന അവസരത്തിൽ അവയെ പാർപ്പിക്കുന്നതിനായി തൊഴുത്ത് നിർമ്മിക്കുന്നതിനുള്ള ധനസഹായം കൂടി നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ മറുപടി</u>

(5-7-1999-ലെ 13106/ഡി1/99/പജപവവിവ. നമ്പർ കത്തു മുഖേന)

പട്ടികവർഗ്ഗക്കാർക്ക് കന്നുകാലികളെ നൽകുന്ന അവസരത്തിൽ തൊഴുത്ത് നിർമ്മിക്കുന്നതിനുള്ള സഹായവും നൽകിവരുന്നുണ്ടെന്ന് പട്ടികവർഗ്ഗ വികസന ഡയറക്ടർ അറിയിക്കുന്നു. എന്നാൽ, ചില വകുപ്പുകൾ കന്നുകാലികളെ നൽകുമ്പോൾ ഗുണഭോക്താവ് സ്വന്തമായി സർക്കാർ ധനസഹായം കൂടാതെ തൊഴുത്ത് ഉണ്ടാക്കണമെന്ന് നിർദ്ദേശി ക്കാറുണ്ട്. സമിതിയുടെ ശിപാർശ ഉൾക്കൊണ്ട് വിവിധ വകുപ്പുകൾ മേലിൽ കന്നുകാലികളെ നൽകുന്ന അവസരത്തിൽ തൊഴുത്തുകൾ നിർമ്മിക്കുന്നതിനുള്ള ധനസഹായംകൂടി നൽകണ മെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്.

<u>6-8-2008-ലെ സമിതിയോഗം പരിഗണിച്ചതിനെത്തുടർന്ന് സമിതി ആരാഞ്ഞ അധികവിവരം</u>

പട്ടികവർഗ്ഗക്കാർക്ക് കന്നുകാലികളെ നൽകുന്ന അവസരത്തിൽ തൊഴുത്തുകൾ നിർമ്മിക്കുന്നതിനുള്ള ധനസഹായം കൂടി നൽകണമെന്ന നിർദ്ദേശം നടപ്പിലാക്കിയിട്ടുണ്ടോ?

<u>പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ മറുപടി</u>

(26-5-2014-ലെ 1333/ഡി1/13/പജപവവിവ.)

പട്ടികവർഗ്ഗക്കാർക്ക് കന്നുകാലികളെ നൽകുന്ന അവസരത്തിൽ തൊഴുത്തുകൾ നിർമ്മിക്കുന്നതിനുള്ള പദ്ധതി കൂടി നടപ്പിലാക്കിവരുന്നുണ്ട്.

<u>ശിപാർശ നമ്പർ 3</u>

<u>(ഖണ്ഡിക 6)</u>

കോളറ നിവാരണ പ്രവർത്തനങ്ങൾക്കായി ജില്ലാ കളക്ടറുടെ സാന്നിദ്ധ്യത്തിൽ ജൂലൈ 22-ാം തീയതി ചേർന്ന യോഗം അട്ടപ്പാടിയിലെ 147 ഊരുകളെ 18 സർക്കിളു കളായി തിരിക്കുകയും ഓരോ സർക്കിളിലേക്കും ഓരോ വാഹനം നൽകുകയും ചെയ്തതായി പ്രോജക്ട് ഓഫീസർ സമിതിയെ അറിയിച്ചു. ഓരോ സർക്കിളിലേക്കും ഐ.റ്റി.ഡി.പി.യിലെ ഒരു ഉദ്യോഗസ്ഥനേയും ആരോഗ്യ വകുപ്പിലെ ഫീൽഡ് ഉദ്യോഗസ്ഥനേയും ചുമതല പ്പെടുത്തുകയും അവശ്യം വേണ്ട മരുന്നും പ്രതിരോധ കുത്തിവയ്പിനുള്ള സാമഗ്രികളുമായി അവർ ബന്ധപ്പെട്ട ഊരുകളിലേക്ക് പോവുകയും പ്രതിരോധ ചികിത്സാ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തു. ഓരോ ഊരുകളിലും അവർ നടത്തിയ പ്രവർത്തനങ്ങൾ പ്രോജക്ട് ഓഫീസറുടേയും ബ്ലോക്ക് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാരുടേയും യോഗത്തിൽ അവലോകനം ചെയ്യുകയും ജില്ലാ കളക്ടർ, പട്ടികവർഗ്ഗ വികസന ഡയറക്ടർ, ജില്ലാ മെഡിക്കൽ ഓഫീസർ എന്നിവർക്ക് റിപ്പോർട്ട് അയച്ചുകൊടുക്കുകയും ചെയ്തു. വിവിധ ഊരുകളിലായി 11000 പേർക്ക് പ്രതിരോധ കുത്തിവയ്പുകളും 420 പേർക്ക് പ്രതിരോധ ഗുളികകളും നൽകിയതായി പ്രോജക്ട് ഓഫീസർ സമിതിയെ അറിയിച്ചു. ആദ്യമരണം നടന്നുകഴിഞ്ഞിട്ട് 20 ദിവസം കഴിഞ്ഞ ശേഷമാണ് പ്രതിരോധ പ്രവർത്തനങ്ങൾ ആരംഭി ക്കാൻ കഴിഞ്ഞതെന്ന് സമിതി മനസ്സിലാക്കുന്നു. മഴക്കാലത്ത് ആദിവാസി മേഖലകളിൽ സാംക്രമിക രോഗങ്ങൾ പടർന്നുപിടിക്കുന്നതു പതിവാകയാൽ വരുംവർഷങ്ങളിലെങ്കിലും

മഴക്കാലം ആരംഭിക്കുന്നതിനു മുൻപ് തന്നെ പ്രതിരോധ കുത്തിവെയ്പ്പ് നടത്തുന്നതിനും മുൻകരുതലായി അധിക ജീവനക്കാരെ ആശുപത്രികളിൽ നിയമിക്കുന്നതിനും ബന്ധപ്പെട്ട വകുപ്പുകൾ പ്രത്യേകം ശ്രദ്ധിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

<u>പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ മറുപടി</u>

(5-7-1999-ലെ 13106/ഡി1/99/പജപവവിവ. നമ്പർ കത്ത് മുഖേന)

ഇക്കാര്യത്തിൽ യഥാസമയങ്ങളിൽ നടപടി കൈക്കൊള്ളുവാൻ ആവശ്യപ്പെട്ടുകൊണ്ട് സമിതിയുടെ ശിപാർശ ആരോഗ്യ കുടുംബക്ഷേമ വകുപ്പിന് നൽകിയിട്ടുണ്ട്.

<u>ആരോഗ്യകുടുംബക്ഷേമ വകുപ്പിന്റെ മറുപടി</u>

(7-9-2000-ലെ 3117/ജി1/99/ആകവ. നമ്പർ കത്ത് മുഖേന)

ജീവനക്കാർക്ക് വേണ്ട നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. പ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്. പട്ടികവർഗ്ഗക്കാരുടെ ക്ഷേമം മുൻനിർത്തി 41,992 രൂപയ്ക്ക് മരുന്നും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിന് നടപടിയെടുത്തിട്ടുണ്ട്.

<u>ശിപാർശ നമ്പർ 4</u>

<u>(ഖണ്ഡിക 7)</u>

അട്ടപ്പാടി മേഖലയിൽ ഡോക്ടർമാരുടേയും മറ്റ് പാരാമെഡിക്കൽ ജീവനക്കാരുടേയും ദൗർലഭ്യം വളരെ രൂക്ഷമായി അനുഭവപ്പെടുന്നതായി സമിതിക്ക് അറിയാൻ കഴിഞ്ഞു. നിയമിക്കപ്പെടുന്നവർപോലും ഈ മേഖലയിൽ ജോലി ചെയ്യാൻ വിമുഖത കാണിക്കുന്നതാണ് ഇതിനുള്ള പ്രധാന കാരണം. പല ഊരുകളിലും 20 കി.മീ. വരെ കാൽനടയായി യാത്ര ചെയ്താൽ മാത്രമേ ആ പ്രദേശങ്ങളിൽ ചെന്നെത്താൻ കഴിയൂ എന്ന് ഡി.എം.ഒ. സമിതി യിൽ വിശദീകരിച്ചു. ഇവിടെ ജോലി ചെയ്യുന്ന ജീവനക്കാർക്ക് താലൂക്ക് ഹെഡ്ക്വാർട്ടേഴ്സിൽ ജോലി ചെയ്യുന്നവരേക്കാൾ എച്ച്.ആർ.എ.-യിലും കുറവുണ്ട്. ഇതിനൊരു പരിഹാരമെന്ന നിലയിൽ ആദിവാസി മേഖലകളിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് എന്തെങ്കിലും തരത്തിലുള്ള പ്രത്യേക അലവൻസ് നൽകാൻ ഗവൺമെന്റ് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ, ആദിവാസികളുടെ ഇടയിൽ പ്രവർത്തിക്കുന്ന സന്നദ്ധ സേവകർക്ക് ഇപ്പോൾ നൽകിവരുന്ന ഹോണറേറിയം വളരെ തുച്ഛമാണ്. വർഷങ്ങൾക്കു മുമ്പ് നിജപ്പെടുത്തിയ 500 രൂപ ജീവിതച്ചെലവിൽ വന്നിട്ടുള്ള വർദ്ധനയ്ക്കനുസൃതമായി ഇപ്പോൾ കൂട്ടുകയും സന്നദ്ധസേവകരുടെ എണ്ണം വർദ്ധിപ്പിക്കുകയും അതോടൊപ്പം ഊരുകളിൽ ഇവരുടെ സേവനം ലഭ്യമാണെന്ന് ഉറപ്പുവരുത്തുകയും ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ മറുപടി</u>

(5-7-1999-ലെ 13106/ഡി1/99/പജപവവിവ. നമ്പർ കത്ത് മുഖേന)

ആരോഗ്യ കുടുംബക്ഷേമ വകുപ്പിലെ ഉദ്യോഗസ്ഥർക്ക് അലവൻസ് നല്കുന്നകാര്യം പരിശോധിക്കുവാൻ ആ വകുപ്പിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പിലെ ട്രൈബൽ വോളന്റിയർമാരുടെ കാലാവധി പൂർത്തിയായതിനാൽ അവരെ പിരിച്ചുവിട്ടിരിക്കുകയാണ്. എന്നാൽ, കോടതിവിധിയുടെ അടിസ്ഥാനത്തിൽ ചിലർ

തുടർന്നുവരുന്നുണ്ട്. ഇവർക്ക് പകരമായി 'സോഷ്യൽ ആക്ടിവിസ്റ്റുകൾ' എന്ന പേരിൽ മെച്ചപ്പെട്ട പ്രതിഫലത്തോടെ ട്രൈബൽ മേഖലയിൽ സന്നദ്ധസേവനം നടത്തുന്നതിലേക്കായി കുറെപ്പേരെ നിയോഗിക്കുന്നകാര്യം സജീവ പരിഗണനയിലാണ്.

**ആരോഗ്യകുടുംബക്ഷേമ വകുപ്പിന്റെ മറുപടി**

(7-9-2000-ലെ 3117/ജി1/98/ആകവ. നമ്പർ കത്ത് മുഖേന)

5-3-1999-ലെ ജി.ഒ. (ആർറ്റി.) 781/99 നമ്പർ ഉത്തരവ് പ്രകാരം പ്രതിമാസം 2500 രൂപ (രണ്ടായിരത്തി അഞ്ഞൂറ് രൂപ) എക്സ്ട്രാ ഇൻസെന്റീവായി അഗളി, ഷോളയാർ, പറമ്പിക്കുളം എന്നീ പി.എച്ച്. സെന്ററുകളിൽ ജോലി ചെയ്യുന്ന ഡോക്ടർമാർക്ക് അനുവദിച്ചു കൊടുത്തിട്ടുണ്ട്.

**പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് ലഭ്യമാക്കിയ മറുപടിയിന്മേൽ സമിതി ആരാഞ്ഞ അധികവിവരം**

സോഷ്യൽ ആക്ടിവിസ്റ്റുകൾ എന്ന പേരിൽ മെച്ചപ്പെട്ട പ്രതിഫലത്തോടെ ട്രൈബൽ മേഖലയിൽ സന്നദ്ധ സേവനം നടത്തുന്നതിനായി കുറെപ്പേരെ നിയോഗിക്കുന്ന കാര്യം തീരുമാനമായോ?

**പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ മറുപടി**

(26-5-2014-ലെ 1333/ഡി1/13/പജപവവിവ. നമ്പർ കത്ത് മുഖേന)

പട്ടികവർഗ്ഗ മേഖലകളിൽ 1303 പ്രൊമോട്ടർമാരെ സന്നദ്ധ സേവനം നടത്തുന്നതിലേക്കായി നിയോഗിച്ചിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു:

| ക്രമ നമ്പർ | ജില്ല | പട്ടികവർഗ്ഗ പ്രൊമോട്ടർമാർ | ഹെൽത്ത് പ്രൊമോട്ടർമാർ | പി.വി.ടി.ജി. പ്രൊമോട്ടർമാർ | ആകെ |
|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 |
| 1 | തിരുവനന്തപുരം | 45 | 7 | - | 52 |
| 2 | കൊല്ലം | 14 | 4 | - | 18 |
| 3 | ആലപ്പുഴ | 8 | 8 | - | 16 |
| 4 | പത്തനംതിട്ട | 35 | 8 | - | 43 |
| 5 | കോട്ടയം | 25 | 7 | - | 32 |
| 6 | എറണാകുളം | 30 | - | - | 30 |
| 7 | തൃശ്ശൂർ | 35 | 5 | 8 | 48 |

| 1 | 2 | 3 | 4 | 5 | 6 |
|---|---|---|---|---|---|
| 8 | പാലക്കാട് | 171 | 4 | 19 | 194 |
| 9 | മലപ്പുറം | 40 | 7 | 13 | 60 |
| 10 | ഇടുക്കി | 87 | 1 | - | 88 |
| 11 | കോഴിക്കോട് | 36 | 6 | - | 42 |
| 12 | വയനാട് | 345 | 11 | 145 | 501 |
| 13 | കണ്ണൂർ | 86 | 24 | - | 110 |
| 14 | കാസർഗോഡ് | 50 | 8 | 11 | 69 |
| ആകെ | | 1007 | 100 | 196 | 1303 |

<u>ശിപാർശ നമ്പർ 5</u>

<u>(ഖണ്ഡിക 8)</u>

രോഗം പിടിപെട്ട് ആശുപത്രിയിൽ കൊണ്ടുവന്നവരെ ശുശ്രൂഷിക്കുന്നതിനും പരിചരിക്കുന്നതിനും ശുചീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിനുമായി ദിവസക്കൂലി അടിസ്ഥാനത്തിൽ നിയോഗിച്ചവർക്ക് നാളിതുവരെ പ്രതിഫലം നൽകിയിട്ടില്ല എന്ന വസ്തുത സമിതി മനസ്സിലാക്കുന്നു. പ്രസ്തുത തുക ഏത് വകുപ്പ് നൽകണമെന്ന തർക്കം ഇപ്പോഴും നിലനിൽക്കുന്നതാണ് കാലതാമസത്തിനുള്ള കാരണമായി അറിയാൻ കഴിഞ്ഞത്. അടിയന്തര ഘട്ടങ്ങളിൽ ജോലിക്ക് നിയോഗിക്കപ്പെടുന്നവർക്ക് വേതനം യഥാസമയം നൽകാത്തതിനാൽ സമിതി അസന്തുഷ്ടി രേഖപ്പെടുത്തുന്നു. ഈ തുക അവർക്ക് അടിയന്തരമായി നൽകാൻ വേണ്ട നടപടി കൈക്കൊള്ളണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

<u>പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ മറുപടി</u>

(5-7-1999-ലെ 13106/ഡി1/99/പജപവവിവ. നമ്പർ കത്ത് മുഖേന)

ദിവസക്കൂലിയിൽ ജോലിക്ക് നിയോഗിച്ചിരുന്നവർക്കുള്ള വേതനം നൽകി കഴിഞ്ഞിട്ടുണ്ട്.

<u>ശിപാർശ നമ്പർ 6</u>

<u>(ഖണ്ഡിക 9)</u>

അട്ടപ്പാടി മേഖലയുടെ സർവതോന്മുഖമായ വികസനത്തിനായി ഒരു കോടി രൂപ കേന്ദ്ര വിഹിതമായും ഒന്നേകാൽ കോടി രൂപ സംസ്ഥാന വിഹിതമായും ഓരോ വർഷവും അനുവദിക്കാറുണ്ട്. എന്നാൽ, ഇതിനനുസൃതമായി ഈ മേഖലയിൽ വികസന പ്രവർത്തനങ്ങൾ

നടക്കുന്നില്ലെന്ന് 'ചുണ്ടകുളം' ഊര് സന്ദർശിച്ചതിൽനിന്നും സമിതിക്ക് മനസിലായി. ചുണ്ടകുളം ഊരിൽ ആദിവാസികൾക്ക് വീടുകൾ നിർമ്മിക്കുന്നതിനായി കോൺട്രാക്ടർ പണം കൈപ്പറ്റിയെങ്കിലും, അടിസ്ഥാനംപോലും പൂർത്തിയാക്കാതെ വീടുകളുടെ പണി അവസാനിപ്പിച്ച് പോയതായി സമിതിക്ക് അറിയാൻ കഴിഞ്ഞു. പ്രസ്തുത കോൺട്രാക്ടർ അഡ്വാൻസ് തുക കൈപ്പറ്റിയിട്ട് എട്ട് വർഷത്തോളമായെന്നും ഇപ്പോൾ അയാളുടെ പേരിൽ റവന്യൂ റിക്കവറിക്ക് നോട്ടീസ് അയച്ചിട്ടുണ്ടെന്നും ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർ സമിതിയെ അറിയിച്ചു. വീടുകളുടെ പണി പൂർത്തിയാക്കുന്നതിൽ കുറ്റകരമായ അനാസ്ഥ കാണിച്ച കോൺട്രാക്ടർക്കെതിരെ പ്രോസിക്യൂഷൻ നടപടി സ്വീകരിക്കണമെന്ന് സമിതി ശക്തമായി ശിപാർശ ചെയ്യുന്നു.

<u>പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ മറുപടി</u>

(5-7-1999-ലെ 13106/ഡി1/99/പജപവവിവ. നമ്പർ കത്ത് മുഖേന)

വീടുകളുടെ പണി പൂർത്തിയാക്കുന്നതിൽ വീഴ്ച വരുത്തിയ കരാറുകാരുടെ പേരിൽ നടപടി സ്വീകരിക്കാൻ അട്ടപ്പാടി ഐ.റ്റി.ഡി.പി. ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പദ്ധതി നടത്തിപ്പിൽ വീഴ്ച വരുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെയും നടപടി സ്വീകരിക്കാൻ ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

<u>സമിതി ആരാഞ്ഞ അധികവിവരം</u>

വീടുകളുടെ പണി/പദ്ധതി നടത്തിപ്പിൽ വീഴ്ച വരുത്തിയവർക്കെതിരെ നടപടി സ്വീകരിച്ചോ? വീട് പണി പൂർത്തി ആയിട്ടുണ്ടോ?

<u>പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ മറുപടി</u>

(9-3-2012-ലെ 11164/ഇ 1/10/പജപവവിവ. നമ്പർ കത്ത് മുഖേന)

അട്ടപ്പാടി ഐ.റ്റി.ഡി.പി.ക്ക് കീഴിൽ, ഷോളയാർ ഗ്രാമപഞ്ചായത്തിൽപ്പെട്ട ചുണ്ടകുളം പട്ടികവർഗ്ഗ ഊരിലെ 20 വീടുകളുടെ നിർമ്മാണ ചുമതല 1994-ൽ ശ്രീ. കെ. കൃഷ്ണകുമാർ, കീഴ്‌വീട്ടുകളം, ചിറ്റൂർ, അഗളി, അട്ടപ്പാടി എന്നയാളിനെ ഏൽപ്പിച്ചിരുന്നു. ടിയാൻ തറയുടെ പണി ഭാഗികമായി മാത്രം പൂർത്തിയാക്കിയശേഷം ജോലി നിർത്തിവച്ച സാഹചര്യത്തിൽ, 1996-ൽ അട്ടപ്പാടി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ കൂടിയ ഗുണഭോക്താക്കളുടെ യോഗം കൺവീനർ സ്ഥാനത്തു നിന്നും ശ്രീ. കൃഷ്ണകുമാറിനെ ഒഴിവാക്കി, ഗുണഭോക്താക്കളിൽനിന്നും കൺവീനർമാരെ തെരഞ്ഞെടുത്ത് വീടുപണി പൂർത്തിയാക്കിയിരുന്നു. ശ്രീ. കൃഷ്ണകുമാർ നിർവ്വഹിച്ച പ്രവൃത്തിക്ക് 21,635 രൂപയുടെ വാല്യുവേഷൻ തിട്ടപ്പെടുത്തിയിരുന്നു. ശ്രീ. കൃഷ്ണകുമാർ പണി പൂർത്തിയാക്കാതെ വന്നതിനാൽ കാലതാമസം നേരിട്ടതുമൂലം സർക്കാരിന് ഉണ്ടായ നഷ്ടം വസൂലാക്കാൻ സ്വീകരിച്ച റവന്യൂ റിക്കവറി നടപടിയെ ടിയാൻ ബഹു. മണ്ണാർക്കാട് മുൻസിഫ് കോടതിയിൽ ചോദ്യം ചെയ്യുകയും (റിട്ട് ഹർജി നമ്പർ 155/2004) ബഹു. കോടതി ടി കേസിൽ 19-3-2007-ൽ ടിയാനെതിരായി വിധി പ്രസ്താവിക്കുകയും ചെയ്തിരുന്നു. പ്രസ്തുത

വിധിക്കെതിരെ ശ്രീ. കൃഷ്ണകുമാർ ബഹു. ഒറ്റപ്പാലം സബ് ജഡ്ജ് കോടതിയിൽ AS/56/2008 നമ്പർ പ്രകാരം അപ്പീൽ പെറ്റീഷൻ സമർപ്പിക്കുകയുണ്ടായി. 4-1-2012-ൽ ഒടുവിൽ വാദം കേട്ട പ്രസ്തുത അപ്പീൽ കേസ് 1-6-2012-ലേക്ക് മാറ്റിവച്ചതായി അട്ടപ്പാടി ഐ.റ്റി.ഡി. പ്രോജക്ട് ഓഫീസർ അറിയിച്ചിട്ടുണ്ട്. നിയമസഭാ സമിതി നിർദ്ദേശിച്ചതു പോലെ മുകളിൽ വിവരിക്കുംപ്രകാരം സർക്കാർ ഇക്കാര്യത്തിൽ ഉചിത നടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്നുള്ള വിവരം അറിയിച്ചുകൊള്ളുന്നു.

<u>ശിപാർശ നമ്പർ 7</u>

<u>(ഖണ്ഡിക 10)</u>

ഈ കോൺട്രാക്ടർക്കെതിരെ നടപടിയെടുക്കാൻ ബന്ധപ്പെട്ടവർ മനഃപൂർവ്വം കാലതാമസം വരുത്തിയതായി സമിതി സംശയിക്കുന്നു. ഭാവിയിൽ ഇത്തരം വീഴ്ചകൾ ഉണ്ടാകാതിരിക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പ്രത്യേകം ശ്രദ്ധിക്കണമെന്ന് സമിതി അഭിപ്രായപ്പെടുന്നു.

<u>പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ മറുപടി</u>

(5-7-1999-ലെ 13106/ഡി1/99/പജപവവിവ. നമ്പർ കത്ത് മുഖേന)

സമിതിയുടെ ശിപാർശകളിലെ കാര്യങ്ങളിൽ പ്രത്യേകമായി അന്വേഷണം നടത്താനും, ആവശ്യമെങ്കിൽ നടപടി സ്വീകരിക്കാനും ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇക്കാര്യത്തിലുള്ള അന്വേഷണം സബ് കളക്ടറെക്കൊണ്ട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ സഹായത്തോടെ നടത്താനും നിർദ്ദേശിച്ചിട്ടുണ്ട്.

<u>സമിതി ആരാഞ്ഞ അധികവിവരം</u>

അന്വേഷണം സംബന്ധിച്ച ഇപ്പോഴത്തെ അവസ്ഥ എന്താണ് ?

<u>പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ മറുപടി</u>

(16-3-2012-ലെ 15737/ഡി1/11/പജപവവിവ. നമ്പർ കത്ത് മുഖേന)

അട്ടപ്പാടി ഷോളയാർ ഗ്രാമപഞ്ചായത്തിലെ ചുണ്ടകുളം ഊരിൽ ഇരുപത് ഗുണഭോക്താക്കൾക്ക് വീട് നിർമ്മിക്കുന്നതിന് വീടൊന്നിന് 12,550 രൂപ (വയറിംഗ് + പുകയില്ലാത്ത അടുപ്പ് - രൂപ 1,750 സഹിതം) പ്രകാരം അനുവദിച്ചിരുന്നു. ഈ വീടുകളുടെ നിർമ്മാണം നടത്തുന്നതിന് ഗുണഭോക്തൃ കമ്മിറ്റി രൂപീകരിച്ച് ശ്രീ. കൃഷ്ണകുമാർ, കെ., കീഴ്‌വീട്ടുകളം, ചുണ്ടകുളം, ചിറ്റൂർ പി.ഒ., അഗളി എന്നയാളെ കൺവീനറായി ഗുണഭോക്താക്കൾ നിർദ്ദേശിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ 4-4-1994-ന് ഐ.ടി.ഡി.പി. പ്രോജക്ട് ഓഫീസറുമായി കരാറുകാരൻ കരാർ ഉടമ്പടി ഒപ്പുവയ്ക്കുകയും ചെയ്തു. തുടർന്ന് ഇരുപത് വീടുകളുടെയും ഫൗണ്ടേഷനുകളും ബേയ്സ്മെന്റ് ജോലികളും പൂർത്തീകരിക്കുന്നതിനായി 22-4-1994-ന് ആദ്യ ഗഡുവായി 21,600 രൂപ ശ്രീ. കെ. കൃഷ്ണകുമാറിന് നൽകിയിരുന്നു (1080 x 20). എന്നാൽ, കരാറുകാരൻ യാതൊരു പ്രവൃത്തിയും ചെയ്യാത്തതിനെ തുടർന്ന് നോട്ടീസ് അയച്ചെങ്കിലും കാലാവധി നീട്ടി

കൊടുക്കാൻ അപേക്ഷിച്ചതല്ലാതെ വീട്ടുപണി തുടങ്ങാത്ത സാഹചര്യത്തിൽ രങ്കൻ S/o ശിവൻ, രങ്കൻ S/o ദാസൻ, വിത്സൻ S/o ദാസൻ എന്നീ ആദിവാസികളെ കൺവീനറായി ഗുണഭോക്താക്കൾ തീരുമാനിച്ചു. രണ്ടാമതു കരാർ ചെയ്തപ്പോൾ ഒരു വീടിന് 12,550 രൂപ എന്നത് 18,000 രൂപയായി സർക്കാരിന് വർദ്ധിപ്പിക്കേണ്ടിവന്നു. അന്യായക്കാരനുമായി ഉണ്ടാക്കിയ കരാറിന്റെ അടിസ്ഥാനത്തിൽ ഇരുപത് വീടുകളുടെ നിർമ്മാണത്തിന് വീടൊന്നിന് 10,800 രൂപ പ്രകാരം മൊത്തം വരുന്ന രൂപയുടെ പത്ത് ശതമാനം വരുന്ന ആദ്യഗഡു സംഖ്യയായി വാങ്ങിയ 21,600 രൂപ (1080 x 20)-ഉം പിന്നീട് രണ്ടാമത് കരാർ ചെയ്തതിന്റെ അടിസ്ഥാനത്തിൽ പുതിയ കൺവീനർമാർക്ക് കൊടുക്കേണ്ടിവന്ന പുതുക്കിയ നിരക്കായ വീടൊന്നിന് 18,000 രൂപ പ്രകാരം 20 വീടുകൾക്ക് വരുന്ന സംഖ്യയുടെ 90 ശതമാനമായ 3,24,000 രൂപയും അടക്കം ഒട്ടാകെ ഇരുപത് വീടുകളുടെ നിർമ്മാണത്തിനായി 3,45,600 രൂപ ഈ ഇനത്തിൽ ചെലവാക്കേണ്ടി വന്നതിനാൽ 1,29,600 രൂപ സർക്കാരിന് അധിക ചെലവ് സംഭവിച്ചിട്ടുണ്ട്. ഈയിനത്തിൽ സർക്കാരിന് നഷ്ടം വന്ന സംഖ്യയായ 1,29,600 രൂപ എത്രയും പെട്ടെന്ന് പലിശ സഹിതം അടയ്ക്കണമെന്ന് കാണിച്ച് 1-9-1998, 30-8-2003, 9-10-2003 എന്നീ തീയതികളിൽ ഐ.റ്റി.ഡി.പി.-യിൽനിന്നും രജിസ്റ്റേർഡ് നോട്ടീസ് അയച്ചെങ്കിലും ശ്രീ. കൃഷ്ണകുമാർ കളവായ സംഗതികൾ കാണിച്ച് മറുപടി അയച്ചതല്ലാതെ തുക അടയ്ക്കാൻ കൂട്ടാക്കാതിരുന്നതിനാൽ റവന്യൂ റിക്കവറി ആക്ട് 7, 34 എന്നീ വകുപ്പുകൾ പ്രകാരം 29-10-2004-ന് നോട്ടീസ് അയയ്ക്കുകയുണ്ടായി. 19-11-2004-ന് ശ്രീ. കെ. കൃഷ്ണകുമാർ നോട്ടീസ് കൈപ്പറ്റിയെങ്കിലും നഷ്ടസംഖ്യ അടച്ചില്ലെന്നു മാത്രമല്ല ഇതിനെതിരെ മണ്ണാർക്കാട് മുൻസിഫ് മജിസ്ട്രേറ്റ് കോടതിയിൽ അന്യായം ഫയൽ ചെയ്യുകയാണുണ്ടായത്. ഈ കേസിൽ 19-3-2007-ന് കോടതി കൃഷ്ണകുമാറിന് എതിരായി വിധി പ്രസ്താവിച്ചിരുന്നു. ഇതിനെതിരെ ശ്രീ. കൃഷ്ണകുമാർ ബഹു. ഒറ്റപ്പാലം സബ് ജഡ്ജ് കോടതിയിൽ അപ്പീൽ പെറ്റീഷൻ (AS/56/2008) സമർപ്പിച്ചിരുന്നു. ഈ കേസ് 1-6-2012-ൽ വിചാരണയ്ക്കായി ലിസ്റ്റ് ചെയ്തിട്ടുള്ളതായും ആ മാസം തന്നെ വിധി പ്രസ്താവിക്കുവാൻ സാധ്യതയുള്ളതായും ഒറ്റപ്പാലം അഡീഷണൽ ഗവൺമെന്റ് പ്ലീഡർ അറിയിച്ചതായി അട്ടപ്പാടി ITDP പ്രോജക്ട് ഓഫീസർ അറിയിച്ചിട്ടുണ്ട്. ഈ കേസ് കോടതിയുടെ പരിഗണനയിൽ ഇരിക്കുന്നതിനാൽ റവന്യൂ റിക്കവറി നടപ്പാക്കുന്നതിന് കഴിഞ്ഞിട്ടില്ലാത്തതാകുന്നു.

### ശിപാർശ നമ്പർ 8

### (ഖണ്ഡിക 11)

കേന്ദ്ര വിഹിതമായും സംസ്ഥാന വിഹിതമായും വൻതുക ഓരോ വർഷവും ആദിവാസി വികസനത്തിന് അനുവദിക്കാറുണ്ടെങ്കിലും അവിടെ വികസന പ്രവർത്തനങ്ങൾ മെച്ചപ്പെട്ട രീതിയിൽ നടക്കുന്നില്ല എന്നത് വസ്തുതയാണ്. ഇക്കാര്യത്തിൽ, വിശദമായ ഒരു അന്വേഷണം ഉണ്ടാകണമെന്ന് സമിതിക്ക് അഭിപ്രായമുണ്ട്. കഴിഞ്ഞ പത്തുവർഷക്കാലം ഈ മേഖലയ്ക്ക് വികസനപ്രവർത്തനങ്ങൾക്കായി അനുവദിച്ച തുകയും ചെലവഴിച്ച തുകയും നടപ്പിൽ വരുത്തിയ വികസന പ്രവർത്തനങ്ങളും സംബന്ധിച്ച് ഐ.എ.എസ്. റാങ്കിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥനെക്കൊണ്ട് സമഗ്രമായ അന്വേഷണം നടത്തണമെന്നും അതിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ടവർക്കെതിരെ നടപടി സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ മറുപടി

(5-7-1999-ലെ 13106/ഡി1/99/പജപവറിവ. നമ്പർ കത്ത് മുഖേന)

സമിതിയുടെ ശിപാർശയിലെ കാര്യങ്ങളിൽ പ്രത്യേകമായി അന്വേഷണം നടത്താനും ആവശ്യമെങ്കിൽ നടപടി സ്വീകരിക്കാനും ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇക്കാര്യത്തിലുള്ള അന്വേഷണം സബ് കളക്ടറെക്കൊണ്ട് ജില്ലാ പ്ലാനിംഗ് ഓഫീസറുടെ സഹായത്തോടെ നടത്താനും നിർദ്ദേശിച്ചിട്ടുണ്ട്.

സമിതി ആരാഞ്ഞ അധികവിവരം

ശിപാർശ നമ്പർ 8 സംബന്ധിച്ച അന്വേഷണത്തിന്റെ ഇപ്പോഴത്തെ അവസ്ഥ എന്തായി ?

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ മറുപടി

(16-3-2012-ലെ 15737/ഡി1/11/പജപവവിവ. നമ്പർ കത്ത് മുഖേന)

കേന്ദ്ര വിഹിതമായും സംസ്ഥാന വിഹിതമായും കഴിഞ്ഞ പത്തു വർഷക്കാലം ഈ മേഖലയ്ക്ക് അനുവദിച്ച തുകയും ചെലവഴിച്ച തുകയും സംബന്ധിച്ച അന്വേഷണത്തിനായി ഒറ്റപ്പാലം സബ് കളക്ടറെ നിയോഗിക്കുകയുണ്ടായി. എന്നാൽ, ഇതിനിടെ സബ് കളക്ടർ സ്ഥലംമാറിപോയതിനെത്തുടർന്ന് IAS റാങ്കിലുള്ള ഉദ്യോഗസ്ഥൻ ലഭ്യമാകാത്തതിനാൽ ഒറ്റപ്പാലം റവന്യൂ ഡിവിഷണൽ ഓഫീസറാണ് അന്വേഷണം നടത്തിയിരുന്നത്. ഇപ്പോൾ വീണ്ടും IAS കാരനായ ഉദ്യോഗസ്ഥനാണ് ഒറ്റപ്പാലം സബ് കളക്ടറായിട്ടുള്ളത്.

1990-91 മുതൽ വിവിധ പദ്ധതികൾക്കായി അനുവദിച്ച തുകയുടേയും ചെലവഴിച്ച തുകയുടേയും വിശദാംശങ്ങൾ ലഭിച്ചതായും എന്നാൽ, അതിനുമുമ്പുള്ള (1985-86 മുതൽ 1991-92 വരെയുള്ള) കാലയളവിൽ ലഭിച്ച തുക വിനിയോഗിച്ച് നടത്തിയ വികസന പ്രവർത്തനങ്ങളുടെ രേഖകളും വിശദാംശങ്ങളും കണ്ടെത്തുവാൻ കഴിഞ്ഞിട്ടില്ലായെന്ന് ITDP പ്രോജക്ട് ഓഫീസർ അറിയിച്ചതായും കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ഈ വിഷയത്തിൽ രേഖകൾ ലഭ്യമല്ലാത്തതിനാൽ ഫണ്ട് വിനിയോഗം സംബന്ധിച്ച അന്വേഷണം നടത്താൻ കഴിഞ്ഞില്ലായെന്ന വിശദീകരണം തൃപ്തികരമല്ലെന്നും ആയതിനാൽ, ഇതിനു കുറ്റക്കാരായവരെ അടിയന്തരമായി കണ്ടെത്തി അച്ചടക്ക നടപടി സ്വീകരിക്കുന്നതിന് പാലക്കാട് ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

ശിപാർശ നമ്പർ 9

(ഖണ്ഡിക 12)

കോളറ പോലുള്ള മാരകരോഗങ്ങൾ ഫലപ്രദമായി തടയാൻ വിവിധ വകുപ്പുകളുടെ കൂട്ടായ പ്രവർത്തനത്തിൽക്കൂടി മാത്രമേ കഴിയുകയുള്ളൂ. ഇത്തരം സന്ദർഭങ്ങളിൽ ഒരു പ്രത്യേക വകുപ്പിനെ മാത്രം ചുമതല ഏൽപ്പിക്കാതെ വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ കൂട്ടായ പ്രവർത്തനം ഉണ്ടാകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ മറുപടി

(5-7-1999-ലെ 13106/ഡി2/99/പജപവവിവ. നമ്പർ കത്ത് മുഖേന)

ഈ ശിപാർശയുടെ അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കാൻ ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

സമിതി ആരാഞ്ഞ അധികവിവരം

ജില്ലാ കളക്ടർക്ക് നൽകിയ നിർദ്ദേശത്തിന്മേൽ സ്വീകരിച്ച നടപടി എന്തായി ?

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ മറുപടി

(16-3-2012-ലെ 15737/ഡി1/11/പജപവവിവ. നമ്പർ കത്ത് മുഖേന)

കോളറ പോലുള്ള മാരക രോഗങ്ങൾ ഫലപ്രദമായി തടയാൻ ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ടുള്ള പ്രവർത്തനം നടത്തിയിട്ടുണ്ട്. ആദിവാസികളുടെ ഇടയിൽ സാംക്രമിക രോഗങ്ങൾ പടർന്നു പിടിക്കുന്നത് തടയുന്നതിന് സോഷ്യൽ ആക്ടിവിസ്റ്റുകളെ അതത് കോളനിയിൽനിന്നും കണ്ടെത്തി അവരെ നിയോഗിച്ച് ബോധവൽക്കരണ പരിപാടി നടത്തിയിട്ടുണ്ട്.

ആരോഗ്യ വകുപ്പിന്റെ ആഭിമുഖ്യത്തിൽ പ്രാഥമികാരോഗ്യകേന്ദ്രങ്ങൾക്ക് പുറമെ അട്ടപ്പാടിയിൽ രണ്ട് മൊബൈൽ യൂണിറ്റുകൾ സജീവമായി പ്രവർത്തിക്കുന്നുണ്ട്. കൂടാതെ, അട്ടപ്പാടി മേഖലയിൽ സ്പെഷ്യലിസ്റ്റ് ഡോക്ടർമാരെ ഉൾപ്പെടുത്തി ഊരുകളിൽ സ്പെഷ്യൽ മെഡിക്കൽ ക്യാമ്പുകളും നടത്തുകയുണ്ടായി. ഇതു കൂടാതെ, നെഹ്റു യുവക് കേന്ദ്രവുമായി ബന്ധപ്പെട്ട "ഗിരിസ്വാസ്ഥ്യ പദ്ധതി" യിലൂടെ ബോധവൽക്കരണ ക്ലാസുകൾ, യുണൈറ്റഡ് ഇൻഡ്യ ഇൻഷ്വറൻസ് കമ്പനിയുമായി ചേർന്ന് "ഗിരിസ്വാസ്ഥ്യ ഇൻഷ്വറൻസ്" എന്നിവ ഏർപ്പെടുത്തിയിരുന്നു. ഗ്രാമത്തിൽ പോഷകാഹാരത്തിന്റെ പ്രാധാന്യം, പ്രതിരോധ കുത്തിവയ്പുകൾ, ക്യാൻസർ രോഗനിവാരണം മുതലായ വിഷയത്തെ സംബന്ധിച്ച് ക്ലാസുകളും നടത്തിയിട്ടുണ്ട്.

ശിപാർശ നമ്പർ 10

(ഖണ്ഡിക 13)

ആദിവാസികളുടെ ഇടയിൽ സാംക്രമികരോഗങ്ങൾ പടർന്നുപിടിക്കുന്നത് സർവ്വസാധാരണമാണ്. ശുചിത്വമില്ലായ്മയും അജ്ഞതയുമാണ് ഇതിനുള്ള പ്രധാനപ്പെട്ട കാരണങ്ങളായി ചൂണ്ടിക്കാണിക്കപ്പെടുന്നത്. ശരിയായ ബോധവൽക്കരണം കൊണ്ട് ഒരുപരിധിവരെ ഇവ നിയന്ത്രിക്കാൻ കഴിയുമെന്ന് സമിതിക്ക് അഭിപ്രായമുണ്ട്. ആദിവാസികൾ തമിഴും മലയാളവും ഇടകലർന്ന ഭാഷ സംസാരിക്കുന്നതിനാൽ ബോധവൽക്കരണത്തിന് ലഘുരേഖകൾ കാര്യമായ പ്രയോജനം ചെയ്യുന്നില്ല എന്ന് സമിതിക്കഭിപ്രായമുണ്ട്. പരിസര ശുചീകരണം, ശുദ്ധജലം ഉപയോഗിക്കേണ്ടതിന്റേയും പോഷകമൂല്യമുള്ള ആഹാരം കഴിക്കേണ്ടതിന്റെയും ആവശ്യകത തുടങ്ങിയവ ദൃശ്യമാധ്യമങ്ങൾവഴി വിശദീകരിച്ചാൽ കൂടുതൽ പ്രയോജനപ്രദമാകുമെന്ന് സമിതിക്കഭിപ്രാമുണ്ട്. ഇതിനുവേണ്ട അടിയന്തര നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റെ മറുപടി</u>

(7-9-2000-ലെ 3117/ജി2/1998/ആകുവ. നമ്പർ കത്ത് മുഖേന)
27,500 രൂപ മുടക്കി ബോധവൽക്കരണ ക്യാമ്പുകൾ നടത്തിയിട്ടുണ്ട്.

വി. പി. സജീന്ദ്രൻ,
*അദ്ധ്യക്ഷൻ,*
*പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ സമിതി.*

തിരുവനന്തപുരം,
2014 ഡിസംബർ 11.